പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3418 — 11.05.2017 ൽ മറുപടിക്ക്

**ക്ഷേത്രങ്ങളിലെയും കാവുകളിലെയും ആചാര സ്ഥാനികർക്കും കോലധാരികൾക്കും സാമ്പത്തിക സഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ.കെ.കുഞ്ഞിരാമൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) | ഉത്തര മലബാറിലെ ക്ഷേത്രങ്ങളിലെയും കാവുകളിലെയും ആചാരസ്ഥാനികർക്കും കോലധാരികൾക്കും നിലവിൽ എത്ര രൂപ യാണ് സാമ്പത്തിക സഹായം നൽകി വരുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ആചാരസ്ഥാനികർക്ക് പ്രതിമാസം 800/- രൂപ നിരക്കിലും കോലധാരികൾക്ക് പ്രതിമാസം 700/ - രൂപ നിരക്കിലും ധനസഹായം നൽകി വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മറ്റ് പെൻഷനുകൾ വർദ്ധിപ്പിച്ചതു പോലെ, പ്രസ്തുത ആളുകളുടെ സാമ്പത്തിക സഹായ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | വർദ്ധിപ്പിച്ചിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ പ്രസ്തുത തുക വർദ്ധിപ്പിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | പ്രസ്തുത സാമ്പത്തിക സഹായ പദ്ധതിയിൽ കൂടുതൽ പേരെ ഉൾപ്പെടുത്തണമെന്ന ആവശ്യം ഇതുവരെ പരിഗണിക്കപ്പെട്ടിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) & (ഇ) | പദ്ധതിയിൽ ചേരുന്നതിന് പുതുതായി അപേക്ഷിച്ചവരെ ഉൾപ്പെടുത്തുന്ന വിഷയം മലബാർ ദേവസ്വം ബോർഡിന്റെ പരിഗണനയിലാണ്. |
| (ഇ) | എങ്കിൽ കൂടുതൽ പേരെ പ്രസ്തുത സാമ്പത്തിക സഹായ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ